# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

പഞ്ചായത്തുകളിലെ കെട്ടിട നികുതി

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 4276 21.7.15- ൽ മറുപടി നൽ കേണ്ടിയിരുന്നത്.**

| ചോദ്യം<br>ശ്രീ.എ.എ. അസീസ് | ഉത്തരം<br>ഡോ.എം.കെ.മുനീർ,<br>പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പമന്ത്രി |
| --- | --- |
| (എ) ഗ്രാമപഞ്ചായത്തുകളിലെ വീട്ടുകരം എത്രയാണെന്ന് വിശദമാക്കുമോ; | (എ) 14-01-2011-ലെ സ.ഉ(അ) നമ്പർ 20/2011 ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. അതോടൊപ്പം ഓരോ വിഭാഗത്തിലുംപെട്ട കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്റർ തറവിസ്തീർണ്ണത്തിന് ബാധകമായ അടിസ്ഥാന വസ്തു നികുതിയുടെ കുറഞ്ഞതും കൂടിയതുമായ നിരക്കുകൾ നിശ്ചയിച്ച് 14.01.2011-ലെ സ.ഉ(അ) നമ്പർ 19/2011 ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 24-02-2015-ലെ സ.ഉ(അ) നമ്പർ 36/2015 അനുബന്ധ പ്രകാരം നിരക്കുകൾ നിശ്ചയിച്ച് കൊണ്ട് ഭേദഗതി വിജ്ഞാപനവുംഉപയോഗക്രമത്തിനനുസരിച്ച് ഓരോ ഇനം കെട്ടിടങ്ങളുടെയും ഒരു ചതുരശ്രമീറ്റർ തറവിസ്തീർണ്ണത്തിന് സർക്കാർ നിശ്ചയിച്ച അടിസ്ഥാന നികുതി നിരക്കുകളും ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് ചുമത്തപ്പെടേണ്ട അടിസ്ഥാന വസ്തുനികുതി നിരക്കുകൾ അതത് ഗ്രാമപഞ്ചായത്ത് |

| | | | |
|---|---|---|---|
| | | | നിശ്ചയിക്കുന്നു. കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തെ, ഉപയോഗക്രമത്തിന് അനുസരിച്ച് ഗ്രാമപഞ്ചായത്ത് നിശ്ചയിച്ച അടിസ്ഥാന വസ്തു നികുതി നിരക്കുകൊണ്ട് ഗുണിച്ച് കിട്ടുന്ന തുക, അതിന്റെ തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ചത്, ആ കെട്ടിടത്തിന്റെ അടിസ്ഥാന വസ്തു നികുതിയായി കണക്കാക്കുന്നു. അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിനു ശേഷം കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ ലഭ്യത. മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം. തറയുടെ നിർമ്മിതി എന്നീ ഘടകങ്ങളുടെ അടിസ്ഥാനത്തിൽ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 6-ാം ചട്ടത്തിൻ കീഴിലുള്ള പട്ടികകളിൽ പറയുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചും ശതമാന കണക്കിലും അടിസ്ഥാന വസ്തു നികുതിയിൽ ഇളവുകളും വർദ്ധനവുകളും വരുത്തേണ്ടതും അപ്രകാരം ഇളവുകളും വർദ്ധനവുകളും വരുത്തിയ പ്രകാരമുള്ള തുക തൊട്ടടുത്ത ഉയർന്ന പൂർണ്ണ സംഖ്യയിലേക്ക് ക്രമീകരിച്ച് കെട്ടിടത്തിന്റെ വാർഷിക വസ്തു നികുതി നിർണ്ണയിക്കുന്നു. |
| (ബി) | ഇത് പരിഷ്കരിച്ചത് എന്നാണെന്ന് വ്യക്തമാക്കുമോ ? | (ബി) | 14-01-2011-ലെ സ.ഉ(അ) നമ്പർ 20/2011 ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ വിജ്ഞാപനം ചെയ്തു. അതനുസരിച്ച് 14-01-2011 മുതൽ നമ്പർ നൽകുന്ന കെട്ടിടങ്ങൾക്ക് പുതിയ നിരക്ക് പ്രാബല്യത്തിൽ വന്നിട്ടുണ്ട്. എന്നാൽ നിലവിലുണ്ടായിരുന്ന കെട്ടിടങ്ങൾക്ക് 01.04.2013 മുതൽ മാത്രമേ പുതിയ നിരക്ക് ബാധകമാക്കിയിട്ടുള്ളൂ. |

സെക്ഷൻ ഓഫീസർ